## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.7011.

11.7.2014 - ൽ
മറുപടിയ്ക്ക്

### ട്രെയിനിംഗ് പാർട്ട്ണർ സ്കീം.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാലോട് രവി.<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.സണ്ണി ജേക്കബ്<br>ശ്രീ.എം.പി.വിൻസെന്റ്. | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിംഗ് പാർട്ട്ണർ സ്കീമിന്റെ തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ട്രെയിനിംഗ് പാർട്ട്ണർ സ്കീം പ്രകാരം അസാപ്പിന്റെ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, ഐ.ടി.ട്രെയിനർ (എസ്.ഡി.ഇ)മാരായി പ്രവർത്തിക്കുന്നതിന് 21 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം നൽകുന്നതിന് സർക്കാർ എയ്ഡഡ് കോളേജുകളെ ട്രെയിനിംഗ് പാർട്ട്ണറായി തിരഞ്ഞെടുത്ത് അവധിക്കാലത്ത് പരിശീലനം നടത്തിവരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | അസാപ്പിന്റെ ഫൗണ്ടേഷൻ മോഡ്യൂളിൽ പരിശീലനം നൽകുന്നതിനാവശ്യമായ ട്രയിനർമാരെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സർക്കാർ എയ്ഡഡ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളെയും ഉപയോഗപ്പെടുത്തി, തിരഞ്ഞെടുക്കപ്പെട്ട അവസാന വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ,ഐ.ടി.എന്നിവ യിൽ മികച്ച പരിശീലനം നൽകി അവരെ അസാപ് ട്രയിനർമാരായി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | സംസ്ഥാനത്ത് ഗവൺമെന്റ്,എയിഡഡ് കോളേജുകൾ, ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങൾ എന്നിവയാണ് സഹകരിക്കുന്ന ഏജൻസികൾ. |
| (ഡി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | കുറഞ്ഞ ചെലവിൽ വിദഗ്ധ പരിശീലനം. നിലവിലുള്ള സൗകര്യങ്ങളുടെ അധികസമയ വിനിയോഗം, ഭൗതികസൗകര്യങ്ങൾ, മനുഷ്യവിഭവശേഷി ഇവയുടെ പരമാവധി വിനിയോഗം എന്നിവ ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു. |

Sunilkumar

സെക്ഷൻ ഓഫീസർ